I/191621/2024

ഫയൽ നം :
സി1/18/2023-ടി.സി

തിയതി : 25-03-2024

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം 05/2024**

വിഷയം :- മോട്ടോർ വാഹന വകുപ്പ്— ഡ്രൈവിങ്ങ് സ്കൂളുകളിൽ ഇൻസ്ട്രക്ടർമാരായി നിയോഗിക്കുന്നതിനായി അപേക്ഷകർ IDTR നടത്തുന്ന യോഗ്യതാ പരീക്ഷ പാസായി സർട്ടിഫിക്കറ്റ് ലഭിച്ചവരായിരിക്കണം എന്ന നിർദ്ദേശം

സൂചന :- ഇല്ല

കേരളത്തിലെ ഡ്രൈവിങ്ങ് പരിശീലനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തിൽ ബഹു ഗതാഗത വകുപ്പ് മന്ത്രിയുടെ നിർദ്ദേശാനുസരണം അന്വേഷണം നടത്തിയതിൽ കേരളത്തിലെ ബഹുഭൂരിപക്ഷം ഡ്രൈവിങ്ങ് സ്കൂളുകളിലെ ഇൻസ്ട്രക്ടർമാക്ക് വാഹന സാങ്കേതികവിദ്യയിലോ ഒരു ഡ്രൈവിങ്ങ് സ്കൂൾ ഇൻസ്ട്രക്ടർ അറിഞ്ഞിരിക്കേണ്ടതായ കാര്യങ്ങളിലോ ഉള്ള ജ്ഞാനം ഇല്ല എന്നും ആയതിനാൽ ഡ്രൈവിങ്ങ് പരിശീലനത്തിന് എത്തുന്നവർക്ക് വാഹന സാങ്കേതികവിദ്യകളും അടിസ്ഥാന റോഡ് നിയമങ്ങളും റഗുലേഷനുകളും പഠിപ്പിച്ച് നൽകുന്നതിൽ കാര്യമായ കുറവ് ഉണ്ടെന്നും തന്മൂലം റോഡ് അപകടങ്ങളിൽ കാര്യമായ കുറവ് വരുത്തുവാൻ ആവുന്നില്ല എന്നും ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ ഡ്രൈവിങ്ങ് സ്കൂളുകളിൽ ഇൻസ്ട്രക്ടർമാരായി നിയോഗിക്കുന്നതിനായി അവരുടെ കഴിവ് പരിശോധിച്ച ശേഷം മാത്രം നിയമിക്കുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. ഒരു ഏകീകൃത സംവിധാനം എന്ന നിലയ്ക്ക് കേരളത്തിലെ ഡ്രൈവിങ്ങ് സ്കൂളുകളിൽ ഇൻസ്ട്രക്ടർമാരായി നിയോഗിക്കുന്നതിനായി അപേക്ഷിക്കുന്നവർ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഉള്ള ഗവേഷണ സ്ഥാപനമായ Institute of Driving Training and Research (IDTR), Edappal നടത്തുന്ന കേന്ദ്ര മോട്ടോർ വാഹന ചട്ടം 24 (viii) a-e പ്രകാരം ഉള്ള , അപേക്ഷകരുടെ പരിജ്ഞാനവും കഴിവും പരിശോധിക്കുന്ന യോഗ്യതാ പരീക്ഷ പാസായി സർട്ടിഫിക്കറ്റ് ലഭിച്ചവർ ആയിരിക്കണം. അവരെ മാത്രമേ ഇനി മുതൽ ഇൻസ്ട്രക്ടർമാരായി നിയമിക്കാവൂ.

2. നിലവിൽ ഡ്രൈവിങ്ങ് സ്കൂളുകളിൽ ഇൻസ്ട്രക്ടർമാരായി നിയോഗിക്കപ്പെട്ടവർ 31/12/2024 തീയതിക്കകം ഈ യോഗ്യത പരീക്ഷ പാസ് ആയി സർട്ടിഫിക്കറ്റ് നേടിയിരിക്കണം . ഈ പരീക്ഷ പാസാക്കാത്തവരെ തുടർന്ന് ഡ്രൈവിങ്ങ് സ്കൂളുകളിൽ ഇൻസ്ട്രക്ടർമാരായി നിയോഗിക്കാൻ പാടില്ല.

Signed by
S Sreejith I P S
Date: 25-03-2024 17:13:59

S SREEJITH I P S
TRANSPORT COMMISSIONER

സ്വീകർത്താവ് :- എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

I/191621/2024

(എൻഫോഴ്സ്മെന്റ്)
എല്ലാ ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

| മോട്ടോർ വാഹന വകുപ്പ്, കേരളം |
| --- |